**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 569** **28-01-2026-ൽ മറുപടിയ്ക്ക്**

**<u>നെന്മാറ മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ബാബു (നെന്മാറ) ശ്രീ. വി. ഡി. സതീശൻ

ശ്രീ. ബാബു (നെന്മാറ) (മുഖ്യമന്ത്രി)

**(എ)** നെന്മാറ മണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ എതെല്ലാമാണ്; വിശദമാക്കുമോ;

**<u>മറുപടി:</u>** നെന്മാറ മണ്ഡലത്തിൽ കിഫ്ബി ധനാനുമതി നൽകിയ പദ്ധതികളുടെ വിശദമായ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.

**(ബി)** പ്രസ്തുത പദ്ധതികളുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

**<u>മറുപടി:</u>** പദ്ധതി നിർവ്വഹണ ഏജൻസികളിൽ നിന്നും പ്രസ്തുത പദ്ധതികളുടെ പ്രവർത്തന പുരോഗതി ലഭ്യമാക്കുകയും ആയത് കിഫ്ബി വിലയിരുത്തുകയും ചെയ്യാറുണ്ട്. ഇപ്രകാരം നെന്മാറ നിയോജക മണ്ഡലത്തിലെ പദ്ധതികളുടെ പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിനായി 26/07/2023-ന് കിഫ്ബി ആസ്ഥാനത്ത് വച്ച് നിർവ്വഹണ ഏജൻസികളെ പങ്കെടുപ്പിച്ച് അവലോകന യോഗവും നടത്തിയിരുന്നു.

**(സി)** മേൽപ്പറഞ്ഞതിൽ എത്ര പദ്ധതികളാണ് പൂർത്തീകരിച്ചതെന്നും നിലവിൽ എത്ര പദ്ധതികളാണ് തുടങ്ങാൻ ഉള്ളതെന്നും വിശദമാക്കുമോ?

**<u>മറുപടി:</u>** നെന്മാറ മണ്ഡലത്തിൽ കിഫ്ബി നാളിതുവരെ ധനാനുമതി നൽകിയതിൽ 6 പ്രവൃത്തികൾ ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്നവയിൽ 3 പ്രവൃത്തികൾ നിർമാണഘട്ടത്തിലും 3 പ്രവൃത്തികൾ ഭൂമി ഏറ്റെടുക്കൽ നടപടികളിലുമാണ്.

**സെക്ഷൻ ഓഫീസർ**